# കേരളസംസ്ഥാനബാലാവകാശസംരക്ഷണ കമ്മീഷൻ

ടി.സി. 27/2980, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ., തിരുവനന്തപുരം - 695 034

ഫോൺ : 0471-2326603 ഇ-മെയിൽ :childrights.cpcr@kerala.gov.in

facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala


നം.06/എ2/2013/കേ.സം.ബാ.സം.ക. തീയതി : 14/10/2026

## ലേല നോട്ടീസ്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉടമസ്ഥതയിലുള്ളതും, കമ്മീഷൻ പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതുമായ KL-01-BP-1262 നമ്പർ മാരുതി സുസുക്കി SX4 ZDI 2013 മോഡൽ ഡീസൽ കാർ നിലവിലുള്ള സ്ഥിതിയിൽ ക്വട്ടേഷൻ/പരസ്യലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. കമ്മീഷൻ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടത്തുന്ന പരസ്യ ലേലത്തിൽ വ്യക്തികൾക്കും/ സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽ തുക ലേലം കൊള്ളുന്ന /ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതുമായിരിക്കും ലേലത്തിന് നിരത ദ്രവ്യ തുകയായ 550/- രൂപ കമ്മീഷനിൽ ലേലം ആരംഭിക്കുന്നതിനു അര മണിക്കൂറിന് മുമ്പായി കെട്ടിവെയ്ക്കേണ്ടതാണ്. ലേലം കൈക്കൊള്ളുന്നയാൾ/ സ്ഥാപനം ലേലം ഉറപ്പിച്ച ഉടൻ തന്നെ 18% നികുതി ഉൾപ്പടെയുള്ള ലേലതുക മുഴുവനായും കെട്ടിവയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ നിശ്ചിത നിരത ദ്രവ്യം ഉള്ളടക്കം ചെയ്ത് ആലേഖനം ചെയ്ത കവറിൽ ലേല തീയതിയുടെ തലേദിവസം ഉച്ചയ്ക്ക് 3 മണിയ്ക്ക് മുൻപായി ഈ ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ നേരിട്ടോ/തപാൽ മുഖേനയോ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ലേലം പൂർത്തിയായാലുടൻ ക്വട്ടേഷൻ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച / ലേലം വിളിച്ചയാളുടെ പേർക്ക് ക്വട്ടേഷൻ/ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും, അടുത്ത കമ്മീഷൻ യോഗത്തിൽ പ്രസ്തുത ലേലം അംഗീകരിക്കുന്നതുമാണ്. ലേലം അംഗീകരിച്ചതിനു ശേഷം ക്വട്ടേഷൻ/ലേലം കൊള്ളുന്നയാൾ വാഹനം തന്റെ പേരിലേയ്ക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ മാറ്റി 15 ദിവസത്തിനുള്ളിൽ ലേല വസ്തു ആഫീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ആയവ പുനർ ലേലത്തിന് വിധേയമാക്കുന്നതും ആയതിനുവേണ്ടി വരുന്ന ചെലവും നഷ്ടമുണ്ടാകുന്ന പക്ഷം ആയതും ക്വട്ടേഷൻ / ലേലം കൈക്കൊള്ളുന്നയാളിൽ /സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതായിരിക്കും. ക്വട്ടേഷൻ/ലേലം പൂർണ്ണമായോ ഭാഗികമായോ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം കമ്മീഷൻ

സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷൻ/ലേലത്തിനുള്ള എല്ലാ നിബന്ധനകളും ടി ലേലത്തിന് ബാധകമായിരിക്കുന്നതാണ്. ക്വട്ടേഷന്/ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയുന്നതിന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് (രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ) സൗകര്യമുണ്ടായിരിക്കുന്നതാണ്.

**ലേലം ചെയ്യുന്ന വാഹനത്തിന്റെ വിവരങ്ങൾ**

- രജിസ്ട്രേഷൻ നമ്പർ - KL-01-BP-1262
- മോഡൽ - മാരുതി സുസുക്കി SX4 ZDI 2013 ഡീസൽ കാർ
- അടിസ്ഥാന ലേലതുക (ബേസിക് ഓക്ഷൻ വാല്യൂ) - 55,000/- + 18% GST
- നിരത ദ്രവ്യ തുക - 550/- (1%)
- ലേലം നടത്തുന്ന തീയതിയും സ്ഥലവും സമയവും - 2026 നവംബർ 06, 11.30 am സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഓഫീസ് T.C.27/2980, വാൻ റോഡ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-695 034.
- ലേലത്തിൽ പങ്കെടുക്കുന്നവർ 06.11.2026 തീയതി രാവിലെ 11 മണിയ്ക്കകം നിരത ദ്രവ്യം അടയ്ക്കേണ്ടതാണ്.
- ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും -05/11/2026 , 5 pm.
- ലേല വസ്തു സൂക്ഷിച്ചിട്ടുള്ള സ്ഥലം - ബാലാവകാശ സംരക്ഷണ കമ്മീഷൻ ഓഫീസ് പരിസരം.

**ലേല വ്യവസ്ഥകൾ**

1. ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
2. നിരത ദ്രവ്യ തുക അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.
3. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന /സമർപ്പിക്കുന്ന ആളിന്റെ/ സ്ഥാപനത്തിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും കമ്മീഷൻ യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്.
4. ലേലം തക്കതായ കാരണത്താൽ മാറ്റി വയ്ക്കുന്നതിനോ നിർത്തി വയ്ക്കുന്നതിനോ ലേലം നടത്തുന്ന ആൾക്ക് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെ അറിയാവുന്നതാണ്.
6. ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ/സ്ഥാപനം 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കമ്മീഷൻ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
7. ലേലം അംഗീകരിച്ചതിനു ശേഷം ലേലം കൊണ്ടയാൾ/സ്ഥാപനം സ്വന്തം ചെലവിൽ 15 ദിവസത്തിനം ലേല വസ്തു നീക്കം ചെയ്യേണ്ടതാണ്.
8. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ലേലവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും ആയതു മൂലം ഉണ്ടാകുന്ന നഷ്ടം ടി വ്യക്തിയിൽ/ സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതുമാണ്.
9. ലേലത്തിൽ പങ്കെടുക്കുന്നവർ കമ്മീഷൻ പരിസരത്ത് സൂക്ഷിച്ചിട്ടുള്ള ലേല വസ്തു നേരിൽകണ്ട് ബോധ്യപ്പെടേണ്ടതാണ്.
10. ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ദിവസം പൊതു അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം പരാമർശിച്ച സ്ഥലത്ത്, അതേ സമയം ലേലം നടത്തുന്നതാണ്.

(ഒപ്പ്/-)
സെക്രട്ടറി